# ധ്വനി



## DIGITAL MAGAZINE

LITTLE KITES 2023-24

**ജിഎച്ച്എസ്എസ് അച്ചൂർ**

# സന്ദേശം



ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അച്ചൂർ
ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കിയ
മാഗസിൻ ശാസ്ത്ര സാങ്കേതിക രംഗത്ത്
മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ
വളരെ വളരെ പ്രസക്തമാണ് ഈ മാഗസിന് എല്ലാ
വിധ ആശംസകളും നേരുന്നു

സന്തോഷ് കെ കെ
(ഹെഡ്മാസ്റ്റർ)

# ആശംസ



വിവര വിനിമയ വിസ്ഫോടനം നടക്കുന്ന ആധുനിക കാലഘട്ടത്തിൽ കുട്ടികളിലെ സർഗാത്മക കഴിവുകൾ വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചു ധ്വനി എന്ന പേരിൽ പുറത്തിറക്കാൻ പോകുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് ടീം, അദ്ധ്യാപകർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

രജനി പി.എം
(സീനിയർ അസിസ്റ്റന്റ്)

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ബുദ്ധി രക്ഷിച്ചു | 5 |
| 2 | മരംകൊത്തിയമ്മയും അണ്ണാറക്കണ്ണനും | 7 |
| 3 | അമ്മിണിക്കാക്കയും സുന്ദരിക്കാക്കയും | 10 |
| 4 | തത്തമ്മയുടെ സമ്മാനം | 12 |
| 5 | അമ്മ ദൈവം | 15 |
| 6 | സമർത്ഥനായ കാക്ക | 16 |
| 7 | മരണം എന്ന യാഥാർത്ഥ്യം | 17 |
| 8 | കുഴിയിൽ വീണ പെരുമ്പാമ്പ് | 18 |
| 9 | ഒരു ദേശത്തിന്റെ കഥ | 19 |
| 10 | കിന്നരിപ്പൂച്ച | 21 |
| 11 | തേന്മാവ് | 23 |
| 12 | ഗായത്രി | 26 |
| 13 | പേരക്കമരവും കുഞ്ഞുമോനും | 28 |
| 14 | കുഞ്ഞൻക്കാക്കയും കുട്ടൻമുയലും | 30 |
| 15 | കുറുക്കന്റെ കൗശലം | 32 |
| 16 | നല്ലനാനയും ഉറുമ്പിൻകൂട്ടവും | 33 |
| 17 | കുഞ്ഞിക്കിളി | 35 |
| 18 | കിണറ്റിലെ തവള | 38 |
| 19 | കള്ളിച്ചെടിയും റോസ്ച്ചെടിയും | 39 |
| 20 | ‘ഡും ഡും’ രാക്ഷസന്റെ കഥ | 41 |
| 21 | വിഷം | 43 |
| 22 | കൂട്ടുകാർ | 45 |

# ബുദ്ധി രക്ഷിച്ചു

മനോഹരമായ ഒരു താഴവര. അവിടെ ദിവസവും ആടിൻകൂട്ടം മേയാനെത്തും. വയറുനിറഞ്ഞാൽ മരച്ചുവട്ടിൽ കിടന്ന് കുറച്ചുകൂടി തീറ്റ തിന്ന് അവർ വീട്ടിലേക്കു മടങ്ങും.

ഒരു ദിവസം ബട്ടു എന്ന ആട് പതുക്കെ കൂട്ടത്തിൽനിന്നും മാറി മേയാൻ തുടങ്ങി. നല്ല ഇളം പുല്ലും പച്ചിലകളും. ബട്ടു അതെല്ലാം തിന്നുതിന്ന് ഒടുവിൽ ഒരു കാട്ടിലെത്തി.

"അയ്യോ! വേഗം തിരിച്ചുപോകണം! " ബട്ടു തിരിച്ചു നടക്കാൻ തുടങ്ങി. പക്ഷേ, അവന് വഴി തെറ്റി.



കുറെ ദിവസമായി ഒന്നും തിന്നാതെ വിശന്നു വലന്നിരുന്നു ജർഗൽ എന്ന ചെന്നായ ഈ സമയം അതുവഴി വന്നു. "ഹയ്യട,"ജർഗലിന് സന്തോഷമായി. "നേരേ ചാടി വീണാൽ ഈ തടിയനെ  കാട്ടിലേക്ക് വലിച്ചുകൊണ്ടുപോകാൻ കഴിയില്ല. മാത്രമല്ല മറ്റു ചെന്നായ്ക്കൾ കണ്ടാൽ അവർക്കും കൊടുക്കേണ്ടിവരും .സൂത്രത്തിൽ കാട്ടിലെത്തിച്ച് കൊന്നു തിന്നാം" അവൻ കരുതി.

ജർഗൽ ബട്ടുവിനെ ഓടിക്കാൻ തുടങ്ങി. ബട്ടു പേടിച്ച് കാട്ടിലേക്കോടി. അപ്പോഴാണ് പുല്ലിൽ കളിച്ചുകൊണ്ടിരുന്ന ബത്താർ എന്ന മുയലിനെ ബട്ടു കണ്ടത്. "എന്റെ പിന്നാലെ ഒരു ചെന്നായ. അവനിപ്പോൾ എന്നെ കൊല്ലും,“ ബട്ടു വിറച്ചുവിറച്ചു പറഞ്ഞു. അപ്പോഴേക്കും ജർഗൽ ഓടി വന്ന് പിടികൂടി. "ഇനി നിന്നെ ഞാൻ അകത്താക്കും വേഗം എന്റെ പിന്നാലെ വന്നോ ,ഹി....ഹി....!“ ചെന്നായ ചിരിച്ചുകൊണ്ട് പറഞ്ഞു. "ചേട്ടൻ



പറഞ്ഞതു ശരിയാ ഇനി ഈ മണ്ടൻ എങ്ങോട്ട് ഓടിപോകാനാ? പക്ഷേ, വേട്ടക്കാർ വന്നാൽ കാര്യം കഴിഞ്ഞതുതന്നെ" ബത്താർ വിളിച്ച പറഞ്ഞു. "ശരിയാണല്ലോ" ജർഗലിനു തോന്നി. "ശരി നീ പോയി ആരെങ്കിലും ഉണ്ടോയെന്നു നോക്കി വാ" ജർഗൽ മുയലിനെ ശട്ടം കെട്ടി. ബത്താർ പോയി കുറെ ദൂരം ചെന്നതും അതാ വേട്ടക്കാർ. അവർ കൂടാരം കെട്ടി തീ കായുകയാണ്. ബത്താറിന് അവിടെ നിന്ന് ഒരു കഷണം കടലാസ് കിട്ടി. അവൻ അതുമായി ചെന്നായുടെ അടുത്തേക്ക് ഓടി. "എന്തെങ്കിലും കുഴപ്പമുണ്ടോ?" ജർഗൽ മുയലിനടുത്തേക്ക് ഓടി വന്ന് ചോദിച്ചു.

"എന്താ അതിൽ എഴുതിയിരിക്കുന്നത്?" ജർഗൽ ചോദിച്ചു.

"രാജാവ് വിളംബരം ചെയ്യുന്നതെന്തെന്നാൽ.... രോമക്കുപ്പായം ഉണ്ടാക്കാൻ 77ചെന്നായ്ക്കളുടെ തോൽ വേണം 76എണ്ണം കിട്ടി. ഇനി ഒരെണ്ണം കൂടി വേണം. ആ ചെന്നായയെ കാണിച്ചു തരുന്ന ആൾക്ക് കൈ നിറയെ സമ്മാനം!" ബത്താർ കടലാസ് വായിക്കും പോലെ പറഞ്ഞു.

"ഹെന്റമ്മേ......അവരുടെ കൈയിൽ പെട്ടാൽ ജീവൻ പോയതു തന്നെ ! " ജർഗൽ പേടിച്ച് ഒറ്റയോട്ടം അതുകണ്ട് ബത്താറിന് സന്തോഷമായി. ബട്ടു ബത്താറിനോട് നന്ദി പറഞ്ഞ് ബത്താർ ഓടി..........!

ആഫിയ ശിഹാബ്
10B

# മരംകൊത്തിയമ്മയും അണ്ണാറക്കണ്ണനും



കിങ്ങിണിപ്പുഴയുടെയരികിൽ മാനംമുട്ടെ ഉയർന്നു നിൽക്കുന്ന ഒരു ആഞ്ഞിലിമരത്തോപ്പിലാണ് കുഞ്ഞിത്തത്തമ്മയുടെ താമസം! ആഞ്ഞിലിമരത്തിലന്റെ തൊട്ടടുത്തുള്ള വലിയൊരു തെങ്ങിലാണ് അണ്ണാറക്കണ്ണനും മക്കളും കൂടുകെട്ടി താമസിക്കുന്നത്.

അണ്ണാറക്കണ്ണൻ മഹാ ഉപദ്രവകാരിയാണ്. ഓരോ തവണയും കുഞ്ഞിത്തത്തമ്മ തന്റെ കൂട്ടിൽ മുട്ടകളിടുമ്പോൾ അണ്ണാറക്കണ്ണൻ വന്ന് മുട്ടകൾ നശിപ്പിക്കുക പതിവാണ്. പാവം കുഞ്ഞിത്തത്തമ്മ, അവൾ അണ്ണാറക്കണ്ണനെ ഉപദ്രവിച്ചില്ല. പകരം പലപ്രാവശ്യം തന്റെ മുട്ടകൾ നശിപ്പിക്കരുതെന്ന് കുഞ്ഞിത്തത്തമ്മ അണ്ണാറക്കണ്ണനോട് അപേക്ഷിച്ചു.

പക്ഷേ, അണ്ണാറക്കണ്ണൻ അതു വകവച്ചില്ല. അവൻ വീണ്ടും തന്റെ കുസൃതിത്തരം തുടർന്നുകൊണ്ടിരുന്നു. അണ്ണാറക്കണ്ണന്റെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ, പാവം കുഞ്ഞിത്തത്തമ്മ തന്റെ കൂടുപേക്ഷിച്ച് ദൂരെയെങ്ങോ പറന്നു പോയി.
കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു മരംകൊത്തിയമ്മ ആഞ്ഞിലമരത്തിലെ കുഞ്ഞിത്തത്തമ്മയുടെ കൂട്ടിൽ താമസം തുടങ്ങി.
മരംകൊത്തിയമ്മയും മുട്ടകളിടുമ്പോൾ അണ്ണാറക്കണ്ണൻ വന്ന് മുട്ടകൾ നശിപ്പിച്ചു.

മരം കൊതത്തിയമ്മ ദേഷ്യത്തോടെ അണ്ണാറക്കണ്ണനോട് പറഞ്ഞു.



"അണ്ണാറക്കണ്ണാ,
ഇനി മേലിൽ
നീയെന്റെ കൂട്ടിൽ
വന്ന മുട്ടകൾ
നശിപ്പിക്കരുത്...!"
'ഹി,ഹി,ഹി..."
അണ്ണാറക്കണ്ണൻ മരംകൊത്തിയമ്മയെ കളിയാക്കി ചിരിച്ചുകൊണ്ട് ചാടിച്ചാടിപ്പോയി.
മരംകൊത്തിയമ്മ പിന്നെയും മുട്ടകളിട്ടപ്പോൾ അണ്ണാറക്കണ്ണൻ വന്ന് വീണ്ടും മരംകൊത്തിയമ്മയുടെ മുട്ടകൾ നശിപ്പിച്ചു. അണ്ണാറക്കണ്ണൻ വീണ്ടും മുട്ടകൾ നശിപ്പിച്ചപ്പോൾ മരംകൊത്തിയമ്മക്ക് അരിശം മൂത്തു. മരംകൊത്തിയമ്മ അണ്ണാറക്കണ്ണൻ താമസിക്കുന്ന കൂട്ടിൽ ചെന്ന് അവന്റെ മക്കളെ വല്ലാതെ ഉപദ്രവിച്ചു.

അണ്ണാറക്കണ്ണന്റെ മക്കൾ ചിൽ ചിൽ എന്ന് ഉറക്കെ കരഞ്ഞു.
മക്കളുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടാണ് ഓടിവന്നത്.
മരംകൊത്തിയമ്മ ദേഷ്യത്തോടെ അണ്ണാറക്കണ്ണന്റെ ശരീരം മുഴുവൻ കൊത്തിയും മാന്തിയും മുറിച്ചു.
വേദന സഹിക്കവയ്യാതെ അണ്ണാറക്കണ്ണൻ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:
"അയ്യോ മരംകൊത്തിയമ്മേ, എന്നെയും മക്കളെയും ഇനി കൊത്തല്ലേ. ഞാൻ ഇനി ഒരിക്കലും മുട്ടകൾ നശിപ്പിക്കാൻ വരുകയില്ല... എന്നോട് ക്ഷമിക്കണം...!"
പിന്നെ മരംകൊത്തിയമ്മ , അണ്ണാറക്കണ്ണനെയും മക്കളെയും ഉപദ്രവിച്ചില്ല. അണ്ണാറക്കണ്ണൻ പിന്നീട് മരംകൊത്തിയമ്മയുടെ മുട്ടകൾ നശിപ്പിച്ചില്ല.

മരംകൊത്തിയമ്മയും മക്കളും, അണ്ണാറക്കണ്ണനും മക്കളും കൂടി വളരെ സ്നേഹത്തോടെയാണ് പിന്നീടുള്ള കാലം ജീവിച്ചത്.

അഹല്യ
10 C

# അമ്മിണിക്കാക്കയും സുന്ദരിക്കാക്കയും



കാട്ടിലെ ഒരു വലിയ മരത്തിന്റെ മുകളിലുള്ള കൊമ്പിലാണ് കൂട്ടുകാരികളായ അമ്മിണക്കാക്കയും സുന്ദരിക്കാക്കയും കൂടുകൊട്ടി താമസിച്ചിരുന്നത.

അമ്മിണിക്കാക്കയെ കാണുവാൻ ഭംഗി കുറവാണ്. സുന്ദരിക്കാക്കയെ കാണുവാൻ നല്ല ഭംഗിയാണ്. ഭംഗി കുറവായതുകൊണ്ട് തരം കിട്ടുമ്പോഴെല്ലാം അമ്മിണിക്കാക്കയെ കളിയാക്കുക സുന്ദരിക്കാക്കയുടെ പതിവാണ്. എത്ര കളിയാക്കിയാലും സുന്ദരിക്കാക്കയോട് അമ്മിണിക്കാക്കയ്ക്ക് ഒരു പിണക്കവുമില്ല.

ഒരു ദിവസം നല്ല മഴയായിരുന്നു. അന്ന് ആഹാരം തേടിപ്പോയ സുന്ദരിക്കാക്കയെ വൈകുന്നേരമായിട്ടും കാണാതായപ്പോൾ അമ്മിണിക്കാക്ക വളരെ വിഷമിച്ചു. അവൾ മഴയത്ത് സുന്ദരിക്കാക്കയെ തേടി കാടു മുഴുവൻ പറന്നു നടന്നു. ഒടുവിൽ കൂട്ടിൽ സങ്കടത്തോടെ തിരിച്ചെത്തിയപ്പോൾ സുന്ദരിക്കാക്ക അവളുടെ കൂട്ടിലിരിക്കുന്നത് അമ്മിണിക്കാക്ക കണ്ടു. "സുന്ദരീ, നിന്നെ കാണാതായപ്പോൾ ഞാൻ വളരെ വിഷമിച്ചു. കാട് മുഴുവൻ നിന്നെ തിരഞ്ഞു.“
തണുത്ത് കിടുകിടാ വിറച്ചുകൊണ്ട് അമ്മിണിക്കാക്ക പറഞ്ഞു. മഴ നനഞ്ഞതുമൂലം വിറക്കുന്ന അമ്മിണിക്കക്കയെ അപ്പോഴും സുന്ദരിക്കാക്ക കളിയാക്കി. "മഴ നനഞ്ഞ് വിറക്കുന്ന നിന്നെ കണ്ടാൽ പനി പിടിച്ചതുപോലെ തോന്നും, ഹി ഹി ഹി!!“
പിറ്റേ ദിവസം ഇരതേടിപ്പോയ സുന്ദരിക്കാക്കയ്ക്ക് ഒരു കഷ്ണം ഇറച്ചി കിട്ടി. സുന്ദരിക്കാക്കയുടെ കൊക്കിൽ ഇറച്ചികഷ്ണം ഇരികഅക്കുന്നത് പരുന്ത് കണ്ടു. പരുന്ത് സുന്ദരിക്കാക്കയുടെ ശരീരം മുഴുവൻ കൊത്തി. മുറിവേൽപ്പിച്ച ശേഷം ഇറച്ചി കഷ്ണവും

കൊണ്ട് അവിടെ നിന്നും പറന്ന് പോയി. സുന്ദരിക്കാക്ക ഉച്ചത്തിൽ കാ കാ യെന്നു കരഞ്ഞു. സുന്ദരിക്കാക്കയുടെ കരച്ചിൽ കേട്ട് അമ്മിണിക്കാക്ക ഉടൻ അവിടെ പറന്നെത്തി.



ചോരയിൽ കുളിച്ചു കിടക്കുന്ന സുന്ദരിക്കാക്കയെ അമ്മിണിക്കാക്കകണ്ടു. സുന്ദരീ, നിനക്കെന്തു പറ്റി? സുന്ദരിക്കാക്കയുടെ കിടപ്പു  കണ്ട് ചങ്കുപൊട്ടിപ്പോയ വേദനയോടെ അമ്മിണിക്കാക്ക ചോദിച്ചു
അമ്മിണീ,ഞാൻനിന്നെ ഒരുപാട് കളിയാക്കിയിട്ടുണ്ട്. നീഎന്നോട്ക്ഷമിക്കണം. മാപ്പ്...!

ഇത്രയും സുന്ദരിക്കാക്ക പിടഞ്ഞു പിടഞ്ഞ് മപിച്ചു. സുന്ദരിയുടെ മരണം അമ്മിണിക്കാക്കയെ തളർത്തി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

പരിഹാസവും അഹങ്കരവുമായി നടക്കുന്നവർ ഇതു പോലുള്ള ആപത്തായിരിക്കും പിണയുന്നത്.

അമീൻ
10B

# തത്തമ്മയുടെ സമ്മാനം



പാടത്ത് വിളഞ്ഞുകിടക്കുന്ന നെന്മണികൾ കൊത്തിത്തിന്നാൻ ഒരിക്കൽ ഒരു തത്തമ്മ എത്തി. പക്ഷേ, വരമ്പിലിരുന്ന് നെല്ലു കൊത്താൻ തുടങ്ങിയ തത്തമ്മയ്ക്ക് ഒരു കുഴപ്പം പറ്റി. തത്തമ്മയുടെ കാലുകൾ വരമ്പിലെ ചെളിയിൽ താഴ്ന്നുപ്പോയി. എത്ര ശ്രമിച്ചിട്ടും കാലുകൾ



വലിച്ചെടുക്കാനാകാതെ തത്തമ്മ ഉറക്കെ കരഞ്ഞു. ദൂരെ നിൽക്കുകയായിരുന്ന കൃഷിക്കാരൻ തത്തമ്മയുടെ കരച്ചിൽ കേട്ടു. അങ്ങോട്ടോടി വന്ന അയാൾ തത്തമ്മയെ ചെളിയിൽ നിന്ന് പൊക്കിയെടുത്തു. പിന്നീടതിനെ പറപ്പിച്ചു വിടുകയും ചെയ്തു. തത്തമ്മയ്ക്ക് സന്തോഷമായി. അത് എങ്ങോട്ടോ പറന്നുപോയി. കുറച്ചു കഴിഞ്ഞ് അത് തിരിച്ചെത്തി.

അപ്പോൾ അതിന്റെ കൊക്കിൽ നല്ലൊരു സ്വർണ്ണവള ഉണ്ടായിരുന്നു. വള അത് കർഷകന സമ്മാനിച്ചു. താൻ രക്ഷിച്ച തത്തമ്മ ദിവ്യശക്തിയുള്ള പക്ഷിയായിരുന്നെന്ന് കർഷകന മനസ്സിലായി.

ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് ഒരാൾ കുറച്ചപ്പുറത്ത് ഇരിപ്പുണ്ടായിരുന്നു. മീൻപിടുത്തക്കാരനായ വേലപ്പൻ. തോട്ടിൽ ചൂണ്ടയിട്ട് മീൻ പിടിച്ച്കൊണ്ടിരുന്ന അയാൾ കൃഷിക്കാരന് സ്വർണ്ണവള

കിട്ടുന്നതു കണ്ട് അത്ഭുതപ്പെട്ടു. "ആ തത്തമ്മ ഇനിയും വന്നാൽ തനിക്കും ഒരു സ്വർണ്ണവള തരാൻ പറയണം". വേലപ്പൻ ഓർത്തു.



വൈകാതെ തത്തമ്മ വീണ്ടും എത്തി. ഇപ്രാവശ്യം കാൽ ചെളിയിൽ താഴാതെ സുക്ഷിച്ചാണ് തത്തമ്മ പാടവരമ്പിൽ ഇരുന്നത്. എന്നാൽ അതു നോക്കിയിരിക്കുകയായിരുന്ന വേലപ്പൻ ഒരു കല്ലെടുത്ത് ഒറ്റയേറ്. കല്ലുകൊണ്ട് പാവം തത്തമ്മ വയലിലെ വെള്ളത്തിൽ വീണു പിടഞ്ഞു. വേലപ്പൻ ഓടിച്ചെന്ന് തത്തമ്മയെ പൊക്കിയെടുത്തു. എന്നിട്ടു പറഞ്ഞു: "കൃഷിക്കാരന കൊടുത്തതുപോലെ ഒരു സ്വർണ്ണവള എനിക്കും കൊണ്ടത്തരാമെങ്കിൽ നിന്നെ ഞാൻ വിടാം. അല്ലെങ്കിൽ ഇപ്പോൾ കൊന്നുകളയും" തത്തമ്മ അതു സമ്മതിച്ചു. വേലപ്പൻ അതിനെ പറപ്പിച്ചുവിട്ടു. വൈകാതെ സ്വർണ്ണവളയുമായി തത്തമ്മ തിരിച്ചെത്തി. വേലപ്പൻ സന്തോഷത്തോടെ വള വാങ്ങി സഞ്ചിയിലിട്ടു.

പിന്നീടു വീട്ടിലെത്തിയ വേലപ്പൻ സ്വർണ്ണവളയെടുത്ത് ഭാര്യക്കു കൊടുത്തു. അവരതു കൈയിലിടേണ്ട താമസം സ്വർണ്ണവള ഇരുമ്പുവളയായി മാറി. പെട്ടെന്നത് ചുട്ടുപഴുക്കുകയും ചെയ്തു. "ഹയ്യോ! എന്റെ കൈ പൊള്ളുന്നേ." ഭാര്യ വിളിച്ചു പറഞ്ഞു. വേഗം ഭര്യയുടെ കൈയിൽ നിന്ന് അത് ഊരിയ വേലപ്പന്റെ കൈയ്യും നന്നായി പൊള്ളി. വേലപ്പൻ  പറഞ്ഞു: "നിങ്ങൾ ആ തത്തമ്മയെ ദ്രോഹിച്ചതിന്റെ

ശിക്ഷയാണിത്." അവർ പറഞ്ഞു. വേലപ്പന് തെറ്റു മനസ്സിലായി. പിന്നീടൊരിക്കലും അയാൾ ആരെയും ഉപദ്രവിച്ചിട്ടില്ല.

ആയിഷ ഹസ്ന
□□ □□

# അമ്മ ദൈവം

മധുരം മനോഹരം പുണ്യം...
എനിക്ക് പൂർണ്ണത നൽകിയ മനോഹര കാവ്യം...
അമ്മയാണ് കൺമുന്നിൽ കാണുന്ന ദൈവം
അമ്മ എനിക്ക് ദൈവത്തെ പോൽ...



ജീവിത യാത്രയിൽ പുഞ്ചിരി തൂകുന്ന
വസന്ത പൂക്കാലം...
എൻ അമ്മ എന്റെ ദൈവം...
എൻ അമ്മ തരുന്ന ഓരോ പുഞ്ചിരിക്കും...

എൻ മനസ്സിൽ സന്തോഷം...
ഞാൻ കാണപ്പെട്ട എന്റെ സ്വർഗ്ഗം എന്റെ അമ്മ...
അമ്മ തണലായ... എൻ ജീവൻ...
അമ്മ.. അമ്മ.. അമ്മ.....

-ദിൽഷാന. കെ
10 A

# സമർത്ഥനായ കാക്ക

ഒരിക്കൽ ഒരു കാക്ക വെള്ളം അന്വേഷിച്ച് പറക്കുകയായിരുന്നു.അത് കുറേ നേരം പറന്ന ശേഷം ഒരു വീടിന്റെ മുറ്റത്ത് ഒരു ഭരണി കാണുവാനിടയായി.കാക്ക ഭരണിയുടെവക്കിൽ കയറി.അത് വള്ളമുണ്ടോ എന്നറിയുവാൻ ഉള്ളിലേക്ക് നോക്കി. പക്ഷേ കുറച്ച് വെള്ളം മാത്രമേ അതിന്റെ ഉള്ളിൽ ഉണ്ടായിരുന്നുള്ളൂ. കാക്ക വെള്ളം കുടിക്കാൻ വേണ്ടി തല താഴ്ത്തിനോക്കി



പക്ഷേ സാധിച്ചില്ല.അവസാനം കാക്ക ഒരു ഉപായം കണ്ടുപിടിച്ചു.ഭരണിയുടെ അടുത്ത് ഭരണിയുടെ അടുത്ത് കുറേ കല്ലുകൾ ഉണ്ടായിരുന്നു. ബുദ്ധിമാനായ കാക്ക ആ കല്ലുകളെല്ലാം ഓരോന്നായിഎടുത്ത് വെള്ളത്തിൽ ഇട്ടു. അപ്പോൾ പതുക്കെ പതുക്കെ ഉയർന്ന് പാത്രത്തിന്റെ വക്കോളമെത്തി. കാക്ക മതിയാവോളം വെള്ളം കുടിച്ച് പറന്നു പോയി.

ദിയ ഫാത്തിമ
10 A

# മരണം എന്ന യാഥാർത്ഥ്യം




ജീവിതം മടുത്തു
എന്നറിഞ്ഞപ്പോൾ,മരണത്തിനായി
കൊതിച്ചുപോയി...
ഒത്തിരിയൊത്തിരി ഹത്യക്ക്
ശ്രമിച്ചു... ആരാരുമില്ലാത്ത മുറിയിൽ
കയറി, വട്ടത്തിൽ കുരുക്കിയ
കയറിൽ തലയിട്ടു...
അവിടെ മരണം പരാജയപ്പെട്ടു.
ഉയരത്തിൽ നിന്നും താഴെക്കു ചാടി...
അവിടയും മരണം പരാജയപ്പെട്ടു.
ആരാരുമില്ലാത്ത ട്രെയിൻ പാളത്തിൽ കിടന്നരുണ്ടു
ഒത്തിരി നേരം! ഭയാനകം കാട്ടുന്ന വെള്ളക്കെട്ടിൽ
വേഗതയോടെ ചാടിയവൻ! ജലമാതാവവനെ കരയിൽ
എത്തിച്ചു. അവിടയും മരണം പരാജയപ്പെട്ടു! ഓരോരോ
മടുപ്പ് വഴികൾ ചെയ്തിട്ടും  മരണം അവിടെയും
പരാജയപ്പെട്ടു! മരണം മടുത്തു എന്നറിഞ്ഞപ്പോൾ
ജീവിതത്തിനായി അവൻ കൊതിച്ചുപോയി...
പുറകെ തിരിഞ്ഞു നടക്കാനൊരുങ്ങി,
ഒരു ചെറുകല്ല് തടഞ്ഞവൻ വീണു മരിച്ചു...

-ഹാദിയ നജ

# കുഴിയിൽ വീണ പെരുമ്പാമ്പ്


നീലമലക്കാട്ടിലെ ദുഷ്ടനായപെരുമ്പാമ്പാണ് നികുംഭൻ. കാട്ടിലുള്ള മാനുകളെയും മുയലുകളെയുമെല്ലാം അവൻ പിടിച്ച് തിന്നും. മരങ്ങളിലെല്ലാം ഇളഞ്ഞുകയറി കിളികളുടെ കൂട് നശിപ്പിക്കുകയും കിളിക്കുഞ്ഞുങ്ങളെ പിടിച്ച് വിഴുങ്ങുകയും ചെയ്യും.



ഒരു ദിവസം നികുംഭൻ പെരുമ്പാമ്പ് ആഹാരം തേടി കാട്ടിലൂടെ ഇഴഞ്ഞ് നടക്കുകയായിരുന്നു. പെട്ടന്ന് "പ്ധിം" എന്ന ശബ്ദത്തോടെ താഴ്ച്ചയുള്ള കുഴിയിൽ ചെന്നു വീണു. ആന വേട്ടക്കാർ കുഴിച്ചിരുന്നതായിരുന്നു ആ കുഴി. “അയ്യോ രക്ഷിക്കണേ” കുഴിയിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ നികുംഭൻ ഉറക്കെ കരഞ്ഞു. ഈ സമയത്താണ് കിട്ടൻമുയൽ വന്നത്. മുയലിനെ കണ്ടതും നികുംഭൻ ചോദിച്ചു: “കിട്ടൻമുയലെ എന്നെ ഈ കുഴിയിൽ നിന്നും രക്ഷിക്കാമോ ചെങ്ങാതീ ?” "ഇല്ല, നീ ദുഷ്ടനല്ലെ, ഞങ്ങളെ നീ ഉപദ്രവിക്കുന്നവനല്ലെ, നിന്നെ ഈ കുഴിയിൽ നിന്നും രക്ഷിക്കില്ല, നീ ഈ കുഴിയിൽ കിടന്ന് ചാകണം" ദേഷ്യത്തോടെ പറഞ്ഞുകൊണ്ട് കിട്ടൻമുയൽ അവിടെ നിന്നും പോയ



"കിട്ടൻമുയലിന്റെ മകനെ ഞാനൊരിക്കൽ പിടിച്ചു തിന്നതാണ്. അതാണ് അവൻ തന്നെ രക്ഷിക്കാത്തത്". വിഷമത്തോടെ മനസ്സിലോർത്തു. കുറച്ചു കഴിഞ്ഞപ്പോൾ ശങ്കുക്കുറങ്ങൻ അതുവഴി വന്നു. ശങ്കുക്കുരങ്ങനെ കണ്ട് നികുംമ്പൻ പെരുമ്പാമ്പ് ചോതിച്ചു: "ശങ്കുക്കുരങ്ങെ എന്നെ രക്ഷിക്കു ചങ്ങാതി" "ഇല്ല നീ ദുഷ്ട്ടനല്ലെ, ഞങ്ങളെ എല്ലാം ഉപദ്രവിക്കുന്നവനല്ലെ, നിന്നെ കുഴിയിൽ നിന്നും രക്ഷിക്കില്ല, നീ ഈ കുഴിയിൽ കിടന്ന് ചാകണം." ദേഷ്യത്തോടെ പറഞ്ഞുകൊണ്ട് ശങ്കുക്കുരങ്ങൻ അവിടെ നിന്നും പോയി.



"ശങ്കുക്കുരങ്ങനെ അന്നൊരിക്കൽ മരത്തിൽ കയറി വാലുകൊണ്ടടിച്ച് താഴെ ഇട്ടതാണ്. അതുകൊണ്ടാണ് അവൻ തന്നെ രക്ഷിക്കാത്തത്" നികുംമ്പൻ പെരുമ്പാമ്പ് വിഷമത്തോടെ മനസ്സിൽ ഓർത്തു. "നേരം ഒരുപാടായി. നല്ല വിശപ്പുണ്ട്. എങ്ങനെ കുഴിയിൽ നിന്നും രക്ഷപ്പെടും?" നികുംമ്പൻ പാമ്പ് കുഴിയിൽ നിന്നും ഇഴഞ്ഞു കയറാൻ ശ്രമിച്ചു. പക്ഷെ കഴിഞ്ഞില്ല.

അപ്പോഴാണ് ആ വഴി ഒരു പാവം മരം വെട്ടുകാരൻ




അതുവഴി വന്നത്. അയാൾ പറഞ്ഞു: "വലിയ മരക്കൊമ്പ് വെട്ടി കുഴിയിൽ ഇട്ടുതരാം. നീ അതിൽ കയറിപ്പിടിച്ച് രക്ഷപ്പെടണം" മരം വെട്ടുകാരൻ പറഞ്ഞപ്പോൾ നികുംമ്പൻ സന്തോഷത്തോടെ തലയുയർത്തി. മരം വെട്ടുകാരൻ പാമ്പിനെ

രക്ഷിക്കാന ശ്രമിക്കുന്നത് ശങ്കുക്കരങ്ങൻ കണ്ടു. "അയ്യോ മരം വെട്ടുകാരാ അവനെ രക്ഷിക്കരുതേ, അവൻ ദുഷ്ട്ടനാണ്". "ഉവ്വോ എന്നാൽ ഞാൻ അവനെ രക്ഷിക്കുന്നില്ല, അവൻ കുഴിയിൽ കിടന്ന ചാവട്ടെ". ദേഷ്യത്തോടെ പറഞ്ഞ് അയാൾ അവിടെ നിന്നും പോയി. നികുംമ്പൻ രക്ഷപ്പെടാൻ കഴിയാതെ കുഴിയിൽ കിടന്നു. ദുഷ്ടനായി ജീവിച്ചാൽ ഇതായിരിക്കും ഫലം എന്ന് നികുംഭന് മനസ്സിലായി.

ഹന്ന ഫത്തിമ റ്റി
10 A

# കിന്നരിപ്പൂച്ച



കിങ്ങിണികെട്ടിയ കിന്നരിപ്പൂച്ച പുത്തനുടുപ്പിട്ട് പുഞ്ചപാടത്ത് കൊയ്ത്തിനു പോകാനൊരുങ്ങി. കൊച്ചു മടിക്കുത്തിൽ പളപള മിന്നുന്ന പൊന്നരിവാൾ തിരുകിവച്ചു. വലിയ വട്ടപ്പോട്ടു കുത്തി കിന്നരിപ്പൂച്ച കുണുങ്ങിക്കുണുങ്ങി കിങ്ങണിപ്പുഴയുടെ തീരത്തെത്തി.

കിങ്ങിണിയാറിന്റെ തീരത്തെത്തിയപ്പോഴോ? തോണിയും തുഴയുമൊന്നുമില്ല. അങ്ങനെ വിഷമിച്ചു നിൽക്കുന്ന കിന്നരിപ്പൂച്ചയുടെ അടുത്തേക്ക് മണികണ്ഠന്ന ഓടിയെത്തി. കിന്നരിപ്പൂച്ച മണികണ്ഠനാനയോട് ചോദിച്ചു:



"മണികണ്ഠനാനേ... എന്നെ കിങ്ങിണിപ്പുഴയൊന്ന് കടത്താമോ? അങ്ങനെയാണെങ്കിൽ ഞാൻ പുത്തരിച്ചോറ് നൽകാം"

പുത്തരിച്ചോറെന്ന് കേട്ടപ്പോൾതന്നെ മണികണ്ഠനാനയുടെ വയറു നിറഞ്ഞു. മണികണ്ഠനാന കിന്നരിപ്പൂച്ചയെ കിങ്ങിണിയാറു കടത്തി.

പൊൻനെല്ലുമായി തിരിച്ചെത്തിയ കിന്നരിപ്പൂച്ച പുത്തരിച്ചോറു വെക്കാൻ പുത്തൻകലം വാങ്ങാൻ ചന്തയിലേക്കു പുറപ്പെട്ടു. പുത്തൻകലവുമായി തിരിച്ചെത്തിയ കിന്നരിപ്പൂച്ച പുതിയ അരി എടുക്കാൻ വീടിനകത്തെത്തി.

കിന്നരിപ്പൂച്ച അന്തം വിട്ടു.



അരിമണിഒരുതരിപോലുമില്ലാതെ അണ്ണാറക്കണ്ണൻ തിന്നുതീർത്തു.

കുറച്ചുനേരം കഴിഞ്ഞു. ഉച്ചയായപ്പോ മണികണ്ഠനാനയെത്തി. പുത്തരിച്ചോറില്ലാതെ വിഷമിച്ചിരിക്കുന്ന കിന്നരിപ്പൂച്ചയെ കണ്ടപ്പോൾ മണികണ്ഠനാനയുടെ കണ്ണുനിറഞ്ഞു. ഒപ്പം കിന്നരിപ്പൂച്ചയെ സമാധാനിപ്പിച്ചു

ജൂഹാന
10A

# തേന്മാവ്



തോട്ടിൻകരയിലെ നാട്ടുമാവിൽ അന്ന് സ്വർണ്ണനിറമുള്ള പൂക്കൾ വിരിഞ്ഞു. മാമ്പൂമണം കാറ്റിൽ പറന്നു. ഇതറിഞ്ഞ അണ്ണാറക്കണ്ണൻ മാങ്കൊമ്പത്തൊരു കൂടു വച്ചു. നാട്ടുമാവിനോട് കൂട്ടുകൂടി. വേനൽ കാലം വന്നു. ഉണ്ണിമാങ്ങകൾ പഴക്കാൻ തുടങ്ങി. മാങ്ങ പഴുത്ത് മണം പരന്നപ്പോൾ ഉണ്ണികുട്ടനും കൂട്ടുകാരും മാവിൻചോട്ടിൽ കുട്ടിംകോലും കളിക്കാൻ തുടങ്ങി. ഉച്ചസമയത്ത് കാറ്റ് വീശുമ്പോൾ പഴുത്ത മാങ്ങകൾ ഞെട്ടറ്റു വീഴും. പിന്നെ ഉണ്ണി ഒറ്റയോട്ടമാണ്, മാങ്ങ പെറുക്കാൻ. വൈകുന്നേരം സഞ്ചി നിറയെ മാങ്ങയുമായി ഉണ്ണിയും കൂട്ടുകാരും വീട്ടിലെത്തും.



ഒരു ദിവസം കാറ്റുവീശിയില്ല. ഒറ്റ മാങ്ങപോലും താഴോട്ടു വീണില്ല. ഉണ്ണി കല്ലെടുത്ത് മാവിലേക്കെറിയാൻ തുടങ്ങി. ഉണ്ണിയുടെ ഏറു കൊണ്ടത് മാവിൻ കൊമ്പത്തെകുഞ്ഞനണ്ണാന്റെ ദേഹത്താണ്. കുഞ്ഞനണ്ണാൻ കരയാൻ തുടങ്ങി. കുഞ്ഞനണ്ണന്റെ  കരച്ചിൽ കണ്ടപ്പോൾ മാവിൻ സങ്കടാമായി. മാവ് കുഞ്ഞനണ്ണന്ന് മാമ്പഴം നൽകി. കാറ്റ് വീശി. മാമ്പഴം വീണില്ല.

താഴെയിരുന്ന വിഷമത്തോടെ മാവിലേക്ക് നോക്കുന്ന ഉണ്ണിയെ കുഞ്ഞനണ്ണൻ സങ്കടത്തോടെ നോക്കിയിരുന്നു. കുഞ്ഞൻ അണ്ണൻ മാതാവിനോട് കരഞ്ഞു പറഞ്ഞു."തേൻമാവേ... തേൻമാവേ... ഉണ്ണിക്കിത്തിരി മാമ്പഴം കൊടുക്ക്" കുഞ്ഞൻ അണ്ണന്റെ സ്നേഹത്തോടെയുള്ള സംസാരം കേട്ടപ്പോൾ

തേൻമാവ് ഒത്തിരി മാമ്പഴം ഉണ്ണിക്ക് വീഴ്ത്തി കൊടുത്തു. കുഞ്ഞൻ അണ്ണൻ പറയുന്നതൊക്കെ ഉണ്ണി മാവിൻ



ചോട്ടിലിരുന്ന് കേട്ടു. ഉണ്ണി കുഞ്ഞൻ അണ്ണനോട് ക്ഷമ പറഞ്ഞു. "കുഞ്ഞൻ അണ്ണനെ...അറിയാതെ പട്ടിയ തെറ്റ് ആണ്" കുഞ്ഞൻ അണ്ണൻ താഴേക്കിറങ്ങി വന്ന് ഉണ്ണിയുടെ കവിളിൽ തലോടി. പഴുപഴുതൊരു മാമ്പഴം ഉണ്ണിക്ക് നൽകി.

ജുമാന
10A

# ഗായത്രി

വർഷം1985 ഒരു ഗ്രാമത്തിൽ ഒരു
കർഷകനണ്ടായിരുന്നുയിരുന്നു .അയാൾക്ക് ഒരു ഭാര്യയും
ഉണ്ടായിരു .അവർ രണ്ടു പേരും വളരെ കഷ്ട്ടപ്പെട്ട്
ജീവിക്കുന്ന ഒരു കുടുമ്പമണ്.കുറച്ച് കാലങ്ങൾക്ക് ശേഷം
അവർക്ക് ഒരു കുഞ്ഞ് പിറന്നു . അത് ഒരു
പെൺകുഞ്ഞായിരുന്നു.



അവളുടെ അച്ഛനും അമ്മയും
അവൾക്ക് ഗായത്രി എന്ന
പേര് വെച്ചു .അച്ഛന്റെയും
അമ്മയുടെയും പുന്നാരമകളായി
അവൾ വളർന്നു . അവളുടെ
കുഞ്ഞുനാൾ മുതലുള്ള ആഗ്രഹം അവൾ
നന്നായി പഠിച്ച് ഒരു ഡോക്ടർ ആവുക എന്നതായിരുന്നു .
അങ്ങനെ അവൾ ഒരു യുവതിയായി . അകുറച്ചു
നാളുകൾക്കു ശേഷം ബാങ്കലൂരിലെ ഒരു മെഡിക്കൽ
കോളേജിൽ നിന്നും അവൾക്ക് ഒരു ഈ-മൈൽ
വന്നു .അതറിഞ്ഞ അവൾ ആനന്ദത്തോടെ
തുള്ളിച്ചാടി .ഇത് കണ്ട് അച്ഛനും അമ്മയും അവളുടെ
അടുത്തേക്ക് അടുത്തേക്ക് വന്നു . എന്നിട്ട് അമ്മ
ചോതിച്ചു : എന്താ! എന്തിന നീ ഇങ്ങനെ
തുള്ളിച്ചാടുന്നേ.അപ്പോൾ അവൾ പറഞ്ഞു : അച്ചാ അമ്മേ
എനിക്ക് ബാനഗ്ലൂരിലെ ഒരു മെഡിക്കൽ കോളേജിൽ നിന്നും
ഈ -മൈൽ വന്നിട്ടുണ്ട് .അടുത്ത ആഴ്ച്ച തന്നെ
പഠനത്തിനായി എനിക്ക് ബാങ്കലുരിൽ പോകണം .
അവൾ ബാങ്ലൂരിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകൾ
തുടങ്ങി. ഒടുവിൽ ആ ദിവസം വന്നെത്തി . അവൾ

നാളത്തെക്കനെങ്കിൽ പോലും വിട്ട് പിരിയണം എന്ന കാര്യം ഓർത്ത് സങ്കടം സഹിക്കാനാവാതെ അമ്മ അവളെ കെട്ടിപ്പിടിച്ച് കൊണ്ട് കരഞ്ഞു .അവൾ അമ്മയുടെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു അമ്മ  എന്തിനാ വിഷമിക്കുന്നെ ഞൻ ആറമാസം കഴിഞ്ഞാൽ ഞൻ ഇങ്ങോട്ട് തന്നെ തിരിച്ച് വരില്ലെ.അങ്ങനെ അമ്മ അവളെ യാത്രയാക്കി .പിന്നീട് അവൾ ബങ്കുരിൽ എത്തിയതിന്ന് ശേഷം എല്ലാ ദിവസവും നാട്ടിലേക്ക് കത്ത് അയക്കുമായിരുന്നു .ഒരു ദിവസം പോസ്റ്റ്മാൻ വീട്ടിൽ വന്നു എന്നിട്ട് വിളിച്ചു ആരെങ്കിലും ഉണ്ടോ .വിളി കേട്ട് അകത്തു നിന്നും അച്ചൻ പുറത്തു വന്നു .എന്നിട്ട് ചോതിച്ചു : ആരത് !

ആ ” ജയനൊ ?.

പോസ്റ്റ്മാൻ പറഞ്ഞു : അതെ ,ഒരു കത്ത് വന്നിട്ടുണ്ട് മോൾടെയാണെന്നാതോന്നുന്നെ.അച്ചൻ പറഞ്ഞു : ആയിരിക്കും !അല്ലാതാര് അതിങ്ങ് താ.അങ്ങനെ പോസ്റ്റ്മാൻ കത്ത് കൊടുത്തു എന്നിട്ട് അവിടെ നിന്നും പോയി .അച്ചനും അമ്മയും കത്ത് പൊട്ടിച്ച് വായിക്കാൻ തുടങ്ങി .

പ്രിയപ്പെട്ട അച്ചനും അമ്മയകും

എന്റെ ഇവിടുത്തെ പഠനം പൂർത്തിയായി .ഞാൻ നാളെത്തന്നെ നാട്ടിലേക്ക് തിരിച്ച് വരും

എന്ന് നിങ്ങളുടെ സ്വന്തം ഗായത്രി

കത്ത് വായിച്ചതിന്ന് ശേഷം അമ്മ പറഞ്ഞു : ഹൊ ,ഈശ്വരൻ എന്റെ പ്രാർത്ഥന കേട്ടു അവൾ അങ്ങനെ ഒരു ഡോക്ടർ ആയി .അങ്ങനെ അടുത്ത ദിവസം അവൾ നാട്ടിലേക്ക് തിരിച്ച് പോന്നു .അങ്ങനെ രണ്ടു  ദിവസത്തെ ട്രെയിൻ യാത്രയ്ക്കു ശേഷം അവൾ നാട്ടിൽ എത്തി .അവൾ നാട്ടിൽ എത്തിയതിന്ന് ശേഷം അവിടെ ഒരു ക്ലിനിക് തുടങ്ങുകയും ചെയ്തു.അങ്ങനെ ആ കുടുമ്പം സൻദോഷത്തോടെ ജീവിച്ചു

മുഹമ്മദ് മിട്ലാജ് പി
10 A s

# പേരക്കമരവും കുഞ്ഞുമോനും

ഒരു ഗ്രാമത്തിൽ ചെറുമ്പാല എന്ന് വീട്ടുപേരുള്ള ഒരു കൊച്ചു കുടുമ്പം താമസിച്ചിരുന്നു. ആ കുടുമ്പത്തിൽ നടന്ന ഒരു പ്രശ്നം കൊണ്ട് അവരുടെ മൂത്ത മൊനും ഭാര്യയെയും കുട്ടി നാട് വിട്ടു.പിന്നീട് അവർ ചെന്നെത്തിയത് ഒരു മലയുടെ താഴ്വാരത്ത് താമസിക്കുന്ന ആളുകളിലെക്കായിരു.ആ കോളനിക്കാർ ആ സ്ഥലത്തിന്റെ ഉടമസ്ഥന്ന് കൂലിയില്ലതെ ജോലി ചെയ്യുന്നവരായിരുന്നു.അങ്ങനെ അവൻ ആ ഉടമസ്ഥന്റെ വീട്ടിലേക്ക് പോയി ഉടമസ്ഥനെ കണ്ട് കാര്യങ്ങൾ പറഞ്ഞു.തമ്പ്രാ എനിക്ക് താമസിക്കാൻ ഒരു ചെറിയ സ്ഥലം വേണം.ഉടമസ്ഥൻ പറഞ്ഞു;നിനക്ക്  താമസിക്കാൻ സ്ഥലം തരാം പക്ഷേ എനിക്കൊരു വലിയ തോട്ടമുണ്ട് അവിടെ നീ കൂലിയില്ലാതെ ജോലി എടുക്കേണ്ടി വരും.പക്ഷേ അത് അവന്ന് സാധിക്കുമായിരുന്നില്ല കാരണം അവന്ന് ഒരു ഭാര്യയും കൂടി ഉണ്ട്.അങ്ങനെ അവർക്ക് അവിടെ നിന്നും പോവേണ്ടിവന്നു. പിന്നീട് കുറേ കാടുകളും പുഴകളും കടന്ന് അവർ മറ്റൊരു പ്രധേഷത്തെത്തി.ആനാട്ടിലെ ആളുകൾ നല്ലവരായിരുന്നു.അത് ഹസ്സൻ എന്ന രാജാവിന്റെ രാജ്യമായിരുന്നു.അദ്ധേഹം നല്ലൊരു മനുഷ്യനും രാജാവുമായിരുന്നു.അവർ അവിടെ താമസമാക്കി അവർ അവിടെ കൃഷി ചെയ്ത് ജീവിക്കുകയായിരുന്നു.അങ്ങനെ കാലങ്ങൾക്ക് ശേഷം അവർക്ക് ഒരു കുഞ്ഞ് പിറന്നു.അവന്റെ പേര് രാജാവ് വെക്കണം എന്നായിരുന്നു അവരുടെ ആഗ്രഹം .അങ്ങനെ അവന്റെ പേരിടൽ ദിവസം എത്തി. അന്ന് രാജാവ് അവരുടെ കുടിലിൽ എത്തി.അവർക് സമ്മാനങ്ങളും നൽകുകയും അവിടെ മുറ്റത്ത് ഒരു പേരക്കമരം നടുകയും ആ കുഞ്ഞിന് പേരിടുകയും ചെയ്തു.അവന്റെ പേര് കുഞ്ഞാണി എന്ന് ഇടുകയും അവനെ കുഞ്ഞു എന്ന് വിളിക്കുകയും ചെയ്തു.അങ്ങനെ ആ പേരക്ക മരം



അവൻ സ്കൂളിൽ നിന്നും തിരിച്ചു വീട്ടിൽ എത്തിയപ്പോൾ അവന്റെ അച്ഛനും അമ്മയെയും വന്യമൃഗം ആക്രമിച്ച് കൊന്നു എന്ന കാര്യം അവൻ അറിഞ്ഞു അവന് സങ്കടമായി. കർമങ്ങൾ കഴിഞ്ഞതിന് ശേഷം അവൻ അവിടെ ഇരുന്ന് കരയുകയായിരുന്നു. അവിടുത്തെ രാജാവിന് കുട്ടികൾ ഇല്ലാതിരുന്നതിനാൽ അവനെ രാജാവ് എടുത്ത് വളർത്തി.കുറേ വർഷങ്ങൾക്ക് ശേഷം അവൻ വളർന്ന് വലുതായി .രാജാവിന് അവനെ വളരെ ഇഷ്ടമായിരുന്നു അവൻ വലുതായതിന് ശേഷം അവൻ രാജാവ് എന്ന പതവി ഏറ്റെടുത്തു.അങ്ങനെ അവൻ ആ നാടിന്റെ രാജാവായി അതോടൊപ്പം അവൻ വിവാഹവും കഴിച്ച് സന്തോഷത്തോടെ ജീവിച്ചു.

മുഹമ്മദ് സിനാൻ കെ
10 B

# കുഞ്ഞൻകാക്കയും കുട്ടൻമുയലും

കുസൃതിക്കാരനായ കുട്ടൻമുയൽ ആഹാരം തേടി നടക്കുകയായിരുന്നു. കുട്ടൻമുയലിന്റെ ചെങ്ങാതിയാണ് വിക്രുക്കുരങ്ങൻ. കുട്ടൻമുയലിനെ വിക്രുക്കുരങ്ങൻ കണ്ടു. "ഇന്നാടാ കുട്ടാ ഒരു മാമ്പഴം." വിക്രുക്കുരങ്ങൻ തന്റെ കൈയിലിരുന്ന ഒരു മാമ്പഴം കുട്ടൻമുയലിന് കൊടുത്തു. "പിന്നെക്കാണാം ചെങ്ങാതീ. ഇപ്പോൾ ഞാൻ പോകട്ടെ." കുട്ടൻമുയലിന് മാമ്പഴം കൊടുത്ത ശേഷം വിക്രുക്കുരങ്ങൻ മരങ്ങളിലൂടെ ചാടിച്ചാടിപ്പോയി.



ഒരു മരക്കൊമ്പിലിരുന്ന കുഞ്ഞൻക്കാക്ക കുട്ടൻ മുയലിന്റെ കൈയിലിരിക്കുന്ന മാമ്പഴം കണ്ടു. "ഹായ്, ആ മാമ്പഴം തട്ടിയെടുക്കണം." കുഞ്ഞൻക്കാക്ക മനസ്സിലോർത്തു. അവൻ ചാഞ്ഞും ചരിഞ്ഞും നോക്കി പെട്ടന്ന് പറന്നുചെന്ന് മാമ്പഴം കൊത്തിയെടുത്തു.
"എന്റെ മാമ്പഴം താടാ കള്ളക്കാക്കെ... കുട്ടൻമുയൽ കുഞ്ഞൻക്കാക്കയോട് ദേഷ്യപ്പെട്ടു പറഞ്ഞു."

"ഇല്ല, നീ പോടാ മണ്ടൻമുയലേ..." കുഞ്ഞൻക്കാക്ക മാമ്പഴം കുട്ടൻമുയലിന് കൊടുത്തില്ല. മാമ്പഴം കുഞ്ഞൻക്കാക്ക കാലുകൊണ്ട് മരക്കൊമ്പിനോട് ചേർത്ത് ചവിട്ടിപ്പിടിച്ച് മുഴുവനും കൊത്തിത്തിന്നു. കുട്ടൻമുയലിന് തട്ടിപ്പുകാരനായ കുഞ്ഞൻക്കാക്കയോട് കലശലായ ദേഷ്യവും, സങ്കടവും തോന്നി.

ദിവസങ്ങൾ കടന്നുപോയി.ഒരു ദിവസം കുഞ്ഞൻക്കാക്ക ഗ്രാമത്തിൽ ചുറ്റാനായിപ്പോയി. അവിടെയുള്ളൊരു വീട്ടിൽനിന്നും ഒരു കോഴിക്കുഞ്ഞിനെ കുഞ്ഞൻക്കാക്ക റാഞ്ചിക്കൊണ്ടുപോന്നു. കുഞ്ഞൻക്കാക്ക കാട്ടിലെത്തി. റാഞ്ചിയെടുത്ത കോഴിക്കുഞ്ഞിനെ കൊത്തിത്തിന്നാനായി കുഞ്ഞൻകാക്ക പുഴയിലേക്ക് ചാഞ്ഞുനിൽക്കുന്നൊരു മരക്കൊമ്പിലിരുന്നു. കാക്കയുടെ കാലിലെ നഖങ്ങൾകൊണ്ട് മുറിഞ്ഞ് ചോര വാർന്നൊഴുകി കോഴിക്കുഞ്ഞ് മരിച്ചിരുന്നു.

കുട്ടൻമുയൽ ആ നേരത്ത് ആ വഴി വരാനിടയായി. മരക്കൊമ്പത്തിരിക്കുന്ന കുഞ്ഞൻക്കാക്കയെ അവൻ കണ്ടു. എന്റെ "മാമ്പഴം തട്ടിയെടുത്ത ഇവനെയൊന്ന് പറ്റിക്കണം." കുട്ടൻമുയൽ

മനസ്സിലോർത്തു. അവൻ ഉറക്കെ വിളിച്ചു പറഞ്ഞു. "കുഞ്ഞൻകാക്കേ, ദേ ചിന്നൻക്കാക്ക വരുന്നുണ്ട്. വേഗം രക്ഷപ്പെട്ടോ...!"

ചിന്നൻക്കാക്കയെ എല്ലാവർക്കും പേടിയാണ്. കാട്ടിലെ മുത്തശ്ശൻ കാക്കയായ ചിന്നൻ കണ്ണിൽ കാണുന്ന മറ്റു കാക്കകളെ കൊത്തി ഉപദ്രവിക്കും.



ചിന്നൻക്കാക്കയുടെ പേരു കേട്ടപ്പോൾ കുഞ്ഞൻക്കാക്ക മരക്കൊമ്പിൽ നിന്ന് പേടിച്ചു പറന്നു. അവൻ വെപ്രാളപ്പെട്ട് മരക്കൊമ്പിൽ നിന്നും പറന്നപ്പോൾ റാഞ്ചിക്കണ്ടുവന്ന കോഴിക്കുഞ്ഞ് പുഴയിൽ വീണു.

"അയ്യോ, കുഞ്ഞൻകാക്കയെ പറ്റിച്ചേ, കുഞ്ഞൻകാക്കയെ പറ്റിച്ചേ." കുട്ടൻമുയൽ സന്തോഷത്തോടെ പറഞ്ഞു. "ഛേ, തന്റെ ആഹാരം നഷ്ടപ്പെട്ടല്ലോ. മണ്ടൻമുയൽ ചതിച്ചു. ഇനിയെന്ത് ചെയ്യും? വിശന്നിട്ട് വയ്യ..."
കുഞ്ഞൻകാക്ക വിഷമത്തോടെ പറന്നുപോയി. തന്റെ മാമ്പഴം തട്ടിയെടുത്ത കുഞ്ഞൻകാക്കയോട് കുട്ടൻമുയൽ പകരംവീട്ടി. മറ്റുള്ളവരുടെ സാധനങ്ങൾ തട്ടിയെടുക്കുന്നവർ അവസാനം പരാജയപ്പെടും.

നജ്മിയ
10C

# കുറുക്കന്റെ കൗശലം

അയ്യോ
കുട്ടിക്കുറുക്കൺ ഉറക്കെ നിലവിളിച്ചു. അവന്റെ കാലിൽ ഒരു മുള്ള് കൊണ്ടിരുന്നു.കാട്ടുപാതയിലൂടെഒരുവിധംനടന്ന്അവൻറോഡിലെത്തി. അതാ റോഡരികിൽ ഒരു വൃദ്ധ. കുട്ടിക്കുറുക്കൻ അവരുടെ അടുക്കലെത്തി ദയനീയമായി കരഞ്ഞുകൊണ്ട് പറഞ്ഞു.



വല്ല്യമ്മേ, എന്റെ കാലിലെ മുള്ളൊന്നെടുത്ത് തരുമോ? അവർ ഒട്ടും മടി കൂടാതെ മുള്ളെടുത്ത് മാറ്റി. കുറ്റിക്കുരുക്കൻ നന്ദി പറഞ്ഞു പോയെങ്കിലും അൽപസമയത്തിനുള്ളിൽ മടങ്ങിയെത്തി."വല്ല്യമ്മേ എന്റെ കാലിൽ നിന്നെടുത്ത മുള്ളെന്തിയേ ?" ആർക്കു വേണം മോനെ മുള്ള്? ഞാനതു വലിച്ചെറിഞ്ഞു കളഞ്ഞു." അവർ പറഞ്ഞു കുറ്റിക്കുരുക്കൻ വലിയ വായിൽ കരഞ്ഞു കൊണ്ടു പറഞ്ഞു. " എനിക്കത്യാവഷ്യമുണ്ടായിരുന്നല്ലോ." അവന്റെ കരച്ചിലും മറ്റും കണ്ടപ്പോൾ വല്ല്യമ്മ പറഞ്ഞു. "കരയല്ലെ മക്കളെ. വല്ല്യമ്മ പകരം ദാ ഈ മുട്ട തരാം." ആ മുട്ടയും വാങ്ങി അവൾ അടുത്തുള്ള ഗ്രാമത്തിലെത്തി. ആദ്യം കണ്ട വീടിന്റെ വാതിൽ മുട്ടി.പുറത്തിറങ്ങിവന്ന ഗൃഹനാഥനോട് അവൻ ചോദിച്ചു.




"പുരത്തു നല്ല തണുപ്പ്,ഈ രാത്രി ഞാനിവിടെ ഒന്നു കിടന്നോട്ടെ?"
അയാൾ സമ്മതിച്ചതനുസരിച്ച് കുറുക്കൻ അകത്തുകടന്നു.
" എന്റെ കയ്യിലെ മുട്ട ഞനീ പാത്രത്തിൽ വച്ചോട്ടെ."
" അതിനെന്താ!" ഗൃഹനാഥൻ അതിനും സമ്മതം മൂളി.
രാത്രി ആരും കാണാതെ കുറ്റിക്കുരുക്കൻ മുട്ടയെടുത്തു കുടിച്ചു. പ്രഭാതമായപ്പോൾ ഒന്നുമറിയാത്തപോലെ കുറ്റിക്കുരുക്കൻ നിലവിളിച്ചു " ആയ്യോ എന്റെ മുട്ട,എന്തു നല്ല മുട്ടയായിരുന്നു. അതാരു എടുത്തു കുടിച്ചു കളഞ്ഞു.

# മല്ലനാനയും ഉറുമ്പിൻക്കൂട്ടവും



ചന്ദനവനത്തിലെ മാനുകൾക്കും മുയലുകൾക്കും കുരങ്ങന്മാർക്കും പക്ഷികൾക്കും മല്ലനാനയെ ഭയങ്കര പേടിയാണ്. കാരണം അവൻ അഹങ്കാരിയും വികൃതിയുമാണ്. വനത്തിലുള്ള മാനുകളെയും മുയലുകളെയും കുരങ്ങന്മാരെയും പക്ഷികളെയുമെല്ലാം മല്ലനാന തരം കിട്ടുമ്പോഴെല്ലാം ഉപദ്രവിക്കും. മല്ലനാനയുടെ ചിന്നം വിളി കേട്ടാൽ മതി എല്ലാവരും ഭയന്നു വിറക്കുകയും ഓടിയൊളിക്കുകയും ചെയ്യും.

പണ്ടൊരിക്കൽ ചീരൻ കുരങ്ങനെ മല്ലനാന ഉപദ്രവിച്ചു. ദേഷ്യം വന്ന ചീരൻകുരങ്ങൻ ഒരു വലിയ കല്ലെടുത്ത് മല്ലനാനയുടെ തലയ്ക്ക് ഒറ്റയേറ്. മല്ലനാനയുടെ തല പൊട്ടി ചോരയൊലിച്ചു. വേദന കൊണ്ട് മല്ലനാന അലറിവിളിച്ചു. ചീരൻകുരങ്ങൻ ഈ സമയം ജീവനും കൊണ്ടോടി രക്ഷപ്പെട്ടു.



മല്ലനാന തന്നെ ഉപദ്രവിച്ച ചീരൻകുരങ്ങനോട് പകരം വീട്ടാൻ കാത്തിരിക്കുകയാണ്.
ഒരു ദിവസം മരക്കൊമ്പിലിരുന്ന് ഉറങ്ങുന്ന ചീരൻകുരങ്ങനെ മല്ലനാന കണ്ടു. അവൻ പയ്യെപ്പയ്യെ ചെന്ന് ചീരൻകുരങ്ങന്റെ വാലിൽ ഒറ്റപിടുത്തം.

"എടാ കള്ളക്കുരങ്ങാ, നിന്നെ കൈയ്യിൽ കിട്ടി."

തുമ്പിക്കൈകൊണ്ട് ചീരൻകുരങ്ങിന്റെ വാലിൽ ചുറ്റിപ്പിടിച്ച് മല്ലനാന പറഞ്ഞു.
"അയ്യോ രക്ഷിക്കണേ, രക്ഷിക്കണേ."

മരക്കൊമ്പിൽ തൂങ്ങിപ്പിടിച്ചു കിടന്ന് ചീരൻകുരങ്ങൻ ഉറക്കെക്കരഞ്ഞു. മല്ലനാന അവനെ താഴെ വീഴ്ത്താൻ വാലിൽ പിടിച്ച് ആഞ്ഞുവലിച്ചു. പക്ഷെ, ചീരൻകുരങ്ങൻ മരക്കൊമ്പിൽ

നിന്നും പിടിവിടാതെ തൂങ്ങിക്കിടന്നു. ഈ സമയത്താണ് ആഹാരം തേടി നടന്ന ഉറുമ്പിൻക്കൂട്ടം ഈ കാഴ്ച്ച കണ്ടത്. അവർ കൂട്ടത്തോടെ മല്ലനാനയുടെ ദേഹത്തേക്ക് അരിച്ചുകയറി. ഉറുമ്പുകൾ മല്ലനാനയുടെ ദേഹം കടിച്ചു വേദനിപ്പിച്ചപ്പോൾ ചിന്നം വിളിച്ചുകൊണ്ട് ചീരൻകുരങ്ങൻ്റെ വാലിലെ പിടി മല്ലനാന വിട്ടു.

"ഇനി ഞാൻ ആരെയും ഉപദ്രവിക്കില്ല. നിങ്ങൾ എന്നെ കടിച്ചു വേദനിപ്പിക്കരുതേ...."



കരഞ്ഞുകൊണ്ട് മല്ലനാന ഉറുമ്പിൻകൂട്ടത്തോട് അപേക്ഷിച്ചു.

അപ്പോൾ ഉറുമ്പുകൾ ഓരോന്നായി മല്ലനാനയുടെ ദേഹത്തുനിന്നും താഴോട്ടിറങ്ങി. മല്ലനാനയുടെ കൈയ്യിൽനിന്നും രക്ഷപ്പെട്ട ചീരൻകുരങ്ങൻ ഉറുമ്പുകളോട് നന്ദി പറഞ്ഞു. അതിനുശേഷം കാട്ടിൽ ആർക്കും തന്നെ മല്ലനാനയെക്കൊണ്ട് യാതൊരുവിധ ഉപദ്രവവും ഉണ്ടായിട്ടില്ല.

# കുഞ്ഞിക്കിളി



ഒരിടത്തൊരിടത്തൊരു കാട്ടിൽ ഒരു മരത്തിൽ ഒരു അമ്മക്കിളി കൂട് കൂട്ടിയിരുന്നു.അതിലൊരു അമ്മക്കിളിയും അച്ചൻ കിളിയുമുണ്ടയിരുന്നു. അമ്മക്കിലി കൂട്ടിൽ മുട്ടയിട്ട് അതിന് അടയിരിക്കുകയായിരുന്നു.അച്ചൻ കിളി രാവിലെ പോയി അമ്മക്കിളിക്കുള്ള ആഹാരവുമായി വൈകീട്ടോടെ കൂട്ടിൽ തിരിച്ചെത്തും.ദിവസങ്ങളോളം അമ്മക്കിളി അങ്ങനെ തന്റെ മുട്ടയ്ക്ക് അടയിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മക്കിളിയെ അദിഷയിപ്പിച്ച് കൊണ്ട് മുട്ടവിരിഞ്ഞ് ഒരു സുന്ദരി കിളിക്കുഞ്ഞ് പുറത്തുവന്നു.അമ്മക്കിളിക്കും അൻച്ചങ്കിളിക്കും വളരെയധികം സന്തോഷമായി.കുഞ്ഞിക്കിളി കുറച്ചുകൂടി വലുതാവുന്നതുവരെ അമ്മക്കിളി പഴയത് പോലെ കൂട്ടിൽ അവൾക്ക് കാവലിരുന്നു.ദിവസങ്ങൾ കടന്നു പോയി.



കുഞ്ഞിക്കിളിക്ക് ചിറകൊക്കെ വന്നു തുടങ്ങിയപ്പോൾ അച്ചൻയൊടൊപ്പം കിളിയൊടോപ്പം അമ്മക്കിലിയും ആഹാരം തേടി പോകാൻ തുടങ്ങി.കുഞ്ഞിക്കിളി കൂട്ടിൽ തനിച്ചായതുകൊണ്ട് അമ്മക്കിളി വളരെ വേഗം മടങ്ങിയെത്തുമായിരുന്നു.കുഞ്ഞിക്കിളിയെ തനിച്ചാക്കി പോകുമ്പോൾ അമാക്കിളി പറയും

"കുഞ്ഞിക്കിളി, നീ കൂട്ടിൽ തനിച്ചാണ്. ശത്രുക്കൾ ചുറ്റുമുണ്ട്.അതുകൊണ്ട് കൂട്ടിനു പുരത്തിറങ്ങരുത്."കുഞ്ഞിക്കിളി അമ്മക്കിളി പറയുന്നത് പോലെ അനുസരിക്കും.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം അമ്മക്കിളി പോയിക്കഴിഞ്ഞ് കുഞ്ഞിക്കിളി ഒരു കാഴ്ച്ച കണ്ടു.ആകാശത്തിൽ വളരെ ഉയരത്തിൽ ഒരു പരുന്ത് വട്ടമിട്ട് പറക്കുന്നു.അത്രയും ഉയരത്തിൽ ഒരു പക്ഷി പറക്കുന്നത് അവൾ ആദ്യമായിട്ട് കാണുകയായിരുന്നു.അവൾ അൽഭുതത്തോടെ അതും നോക്കിയിരുന്ന് സ്വയം പറഞ്ഞു."

"ഹായ് എന്താ രസം.എനിക്കും ഇതുപോലെ ഉയരത്തിൽ ആകാശത്തിൽ വട്ടമിട്ട് പറക്കണം."

ഇതു കേട്ട അമ്മക്കിളി ചിരിച്ചു.

"പരുന്തിനെ പോലെ ഉയരത്തിൽ പറക്കാനോ? കുഞ്ഞേ, നിന്റെ ചിറകുകൾക്ക് ഇപ്പോൾ അതിനുള്ള ശക്തിയില്ല. കുറച്ചു കൂടി കഴിയട്ടെ നിനക്കും അത് പോലെ ഭംഗിയായി പറക്കാൻ കഴിയും."

എന്നാൽ ഇതു കേട്ട കുഞ്ഞിക്കിളിക്ക് വിഷമമായി. അവൾ അമ്മയോട് പറഞ്ഞു.

" അമ്മേ എന്റെ ചിറകുകൾക്ക് ശക്തിയുണ്ട് എനിക്ക് പറക്കാൻ കഴിയും."

അമ്മക്കിളി കുഞ്ഞിക്കിളിയോട് ഉറപ്പിച്ച് പറഞ്ഞു.

" നിനക്ക് പ്രായമാകുമ്പോൾ ഞാൻ പറയാം.അതുവരെ കാത്തിരിക്കൂ ആവശ്യമില്ലാത്ത വാശിയൊന്നും വേണ്ട.

അവൾ വിഷമത്തോടെയാണെങ്കിലും അമ്മക്കിളി പറഞ്ഞതിന് തല കുലുക്കി സമ്മതിച്ചു.

പിറ്റേന്നു രാവിലെ പതിവുപോലെ അമ്മക്കിളിയും അച്ചൻകിളിയും ആഹാരം തേടി പുറപ്പെട്ടു.കുഞ്ഞിക്കിളി അവർ പോകുന്നതും നോക്കി കൂട്ടിലിരുന്നു.കുറച്ച് സമയം കഴിഞ്ഞപ്പോൾ ആകാശത്ത് പരുന്ത് വട്ടമിട്ട് പറക്കുന്നത് കണ്ടു. ഇതുകണ്ട കുഞ്ഞിക്കിളിക്ക് തന്റെ ആഗ്രഹം അടക്കാൻ കഴിഞ്ഞില്ല.അമ്മക്കിളിയുടെ വാക്കുകളെല്ലാം ധിക്കരിച്ച് അവൾ ആകാശത്തേക്ക് പറന്നുയർന്നു.

" ഹായ്, എന്തു മനോഹരമാണ് ഞാൻ പറക്കുന്നത്.എന്തു നല്ല കാഴ്ചകൾ.അമ്മയുടെ പേടി കാരണം ഞാൻ ഇത്രനാളും വെറുതെ കൂട്ടിലിരുന്നു."

ഇതും പറഞ്ഞ് കുഞ്ഞിക്കിളി വീണ്ടും വീണ്ടും ഉയരത്തിൽ പറക്കാൻ തുടങ്ങി.എന്നാൽ അത്രയും ഉയരത്തിൽ പറക്കാനുള്ള ശക്തി കുഞ്ഞിക്കിളിയുടെ ചിറകുകൾക്ക് ഉണ്ടായിരുന്നില്ല.അവളുടെ ചിറകുകൾ കുഴയാൻ തുടങ്ങി.അവൾക്ക് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു.പാവം കുഞ്ഞിക്കിളി പറക്കാനാകാതെ തളർന്നു താഴേക്കുവീണു

ഇതൊന്നുമറിയാതെ ആഹാരവുമായി കൂട്ടിൽ എത്തിയ അമ്മക്കിളി ഞെട്ടിപ്പോയി.കുഞ്ഞിക്കിളിയെ കൂട്ടിൽ കാണാനില്ല.അമ്മക്കിളി വളരെയധികം വിഷമിച്ചു.ആ കാട് മുഴുവൻ അമ്മക്കിലി കരഞ്ഞ് കരഞ്ഞ് തന്റെ കുഞ്ഞിക്കിളിയെ അന്വേഷിച്ച് പറന്ന് നടന്നു.ഒടുവിൽ ഒരു മരത്തിന്റെ ചുവട്ടിൽ ബോധമില്ലാതെ കിടക്കുന്ന കുഞ്ഞിക്കിളിയെ അമ്മക്കിളി കണ്ടു.അമ്മക്കിളിക്ക് ദുഃഖം സഹിക്കാനായില്ല.ഉടൻ തന്നെ കുഞ്ഞിക്കിളിയെ അവിടെനിന്ന് എടുത്ത് അമ്മക്കിളി കൂട്ടിലേക്ക് കൊണ്ടുപോയി. കുറേയേറെ സമയമെടുത്തു അവൾക്ക് ബോധം തിരിച്ചു കിട്ടാൻ.അതുവരെയും അമ്മക്കിളി അവൾ കണ്ണ് തുറക്കുന്നതും കാത്ത് അവളെപ് പരിചരിച്ചും ആ കൂട്ടിൽ തന്നെയിരുന്നു.

കുഞ്ഞിക്കിളി കണ്ണു തുറന്നപ്പോൾ കണ്ടത് വിഷമിച്ചിരിക്കുന്ന അമ്മയെയാണ്.ഇതുകണ്ട അമ്മക്കിളി കുഞ്ഞിക്കിളിയോട് പറഞ്ഞു
" ഞാൻ അപ്പോഴേ പറഞ്ഞതല്ലേ നിന്റെ കുഞ്ഞു ചിറകുകൾക്ക് പറക്കാനുള്ള ശക്തി ആയിട്ടില്ലെന്ന്."

തന്റെ തെറ്റ് മനസ്സിലാക്കിയ കുഞ്ഞിക്കിളി വിഷമത്തോടെ അമ്മക്കിളിയോട് പറഞ്ഞു

" അമ്മ പറഞ്ഞത് സത്യമാണ്. എന്റെ ചിറകുകൾക്ക് പറക്കാനുള്ള ശക്തിയായിട്ടില്ല.ഞാനിനി അമ്മ പറയുന്നത് അതുപോലെ അനുസരിക്കാം.ഒരിക്കലും അമ്മയെ വേദനിപ്പിക്കുകയും ഇല്ല."



ഇതു കേട്ട അമ്മക്കിളിക്ക് സന്തോഷമായി.
" കുഞ്ഞേ, കുറച്ചു നാൾ കൂടി നീ കാത്തിരിക്കൂ. അപ്പോൾ നിനക്കും മനോഹരമായി പറന്നു നടക്കാം."

അമ്മക്കിളി തന്റെ കുഞ്ഞിനെ ആശ്വസിപ്പിച്ചു.
കുഞ്ഞിക്കിളി തന്റെ കുഞ്ഞുചിറകുകൾക് പറക്കാനുള്ള ശക്തിയാകുന്നത് വരെ കാത്തിരുന്നു.ഒടുവിൽ കുഞ്ഞിക്കിളി പറക്കാറായപ്പോൾ തന്റെ അച്ഛനോടും അമ്മയോടുമൊപ്പം ആ കാട് മുഴുവൻ അവളുടെ ഇഷ്ടത്തിന് പറന്ന് നടന്നു.അങ്ങനെ ഒരുപാട് കാലം അമ്മക്കിളിയും അച്ചൻ കിളിയും കുഞ്ഞിക്കിലിയും സന്തോഷത്തോടെ ആ കാട്ടിൽ കഴിഞ്ഞു.

സഫീല
10B

# കിണറ്റിലെ തവള

ഒരു തവള കുഞ്ഞായിരിക്കുമ്പോൾ എങ്ങനെയോ കിണറ്റിൽ ചെന്നുപെട്ടു. അവിടെ കിടന്ന് അവൻ വലുതായി. വലുതായപ്പോൾ അവന്റെ വിചാരം അവനെക്കാൾ വലുതായി ലോകത്ത് ആരും ഇല്ലെന്നായിരുന്നു. "കുപമണ്ഡുക മനസ്ഥിതി" എന്നാണ് ആ വിചാരത്തിന്ന് നാം പറയുക.



നമ്മുടെ കുപമണ്ഡുകം അങ്ങനെ അഹങ്കരിച്ച് ജീവിക്കുമ്പോൾ മറ്റൊരു തവള ആ കിണറ്റിൽ വന്നു പെട്ട്. അവൻ ചെറുതാണ്. കുപമണ്ഡുകം പറഞ്ഞു:

"എടാ, എന്നോളം വലിയതായി ലോകത്ത് ആരുമില്ല."

"ങ്, ഹും, നീ പൂച്ചയെ കണ്ടിട്ടുണ്ടോ? പട്ടിയെ കണ്ടിട്ടുണ്ടോ? പശുവിനെ കണ്ടിട്ടുണ്ടോ? ആനയെ കണ്ടിട്ടുണ്ടോ?" പുതിയ തവള ചോദിച്ചു.

അപ്പോൾ കുപമണ്ഡുകം വയർ വീർപ്പിച്ച് ചോദിച്ചു: "ഇത്രയുണ്ടോ?" അങ്ങനെ ചോദിച്ച ചോദിച്ച ആ കുപമണ്ഡുകം വയറു പൊട്ടി പിടഞ്ഞു ചത്തു. അറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവർ പറഞ്ഞാൽ അത് മനസ്സിലാക്കണം.



അഹങ്കാരം നന്നല്ല. ഈ ലോകത്ത് നാം കാണാത്തതും കേൾകാത്തതുമായ പല കാര്യങ്ങളും ഉണ്ട് എന്ന സത്യം മനസ്സിലാക്കി എളിമയോടെ പെരുമാറണം. നാം കുപമണ്ഡുകങ്ങളാകരുത്.

സഹലിയ
10B

# കള്ളിച്ചെടിയുംറോസ്ചെടിയും

മനോഹരമായ പൂന്തോട്ടത്തിൽ ഒരു റോസ് ചെടി ഉണ്ടായിരുന്നു. വിരിഞ്ഞുനിൽക്കുന്നമനോഹരമായറോസാപ്പൂക്കൾഅതിന്




നല്ല സൗന്ദര്യവും നൽകി റോസ് ചെടിയുടെ തൊട്ടടുത്ത് ഒരു കള്ളിച്ചെടിയും ഉണ്ടായിരുന്നു. ഒട്ടും സൗന്ദര്യം ഇല്ലാത്ത. പൂക്കൾ വിരിയാത്ത കള്ളിച്ചെടിയെ റോസ് ചെടിക്ക് ഇഷ്ടമായിരുന്നില്ല. എല്ലാ ദിവസവും റോസേ ചെടി കള്ളിച്ചെടിയെ നോക്കി അഹങ്കരിക്കുകയും നിനക്ക് ഒട്ടും സൗന്ദര്യം ഇല്ലെന്നും പറഞ്ഞ് കളിയാക്കുകയും ചെയ്യുമായിരുന്നു. ഇതെല്ലാം കേട്ട് കള്ളിച്ചെടി ഒന്നും മിണ്ടാതെ പുഞ്ചിരിയോടെ റോസാപ്പൂവിനെ നോക്കി നിൽക്കും.

പൂന്തോട്ടത്തിലെ മറ്റെല്ലാ ചെടികളും കള്ളിച്ചെടിയെ പരിഹസിക്കുന്നതിൽ നിന്ന് റോസ്ചെടിയെ പിന്തിരിക്കാൻ ശ്രമിച്ചു. പക്ഷെ അവൾ അനുസരിച്ചില്ല. തന്റെ സൗന്ദര്യത്തിൽ മതിമറന്ന് കറ്റിൽ അവൾ അങ്ങോട്ടും ഇങ്ങോട്ടും നൃത്തം ചെയ്തു.

വേനൽ കാലം വന്നപ്പോൾ തോട്ടത്തിലെ കിണർ വറ്റി,

ചെടികൾക്ക് വെള്ളം ഇല്ലാതായി. റോസാപ്പൂക്കൾ പതിയെ വാടാൻ തുടങ്ങി. തന്റെ സൗന്ദര്യം എല്ലാം നഷ്ടപ്പെട്ടപ്പോൾ റോസ് ചെടിക്ക് സങ്കടമായി.



അപ്പോഴാണ് ഒരു കുരുവി കള്ളിച്ചെടിയിൽ നിന്ന് തന്റെ കൊക്കുകൾക്കൊണ്ട് വെള്ളം കുടിക്കുന്നത് റോസ് ചെടി കണ്ടത്. ഇത്രയും കാലം കള്ളിച്ചെടിയെ കളിയാക്കിതിൽ റോസാച്ചെടിക്ക് അപ്പോൾ ലജ്ജ തോന്നി.

ദാഹം സഹിക്കാൻ വയ്യാതെ ആയപ്പോൾ റോസ് ചെടി കള്ളിച്ചെടിയോട് അൽപ്പം വെള്ളം തരുമോ എന്ന് ചോദിച്ചു. ദയവുള്ള കള്ളിച്ചെടി സമ്മതിച്ചു. ഇനി ഞാൻ അഹങ്കരിക്കില്ലെന്നും റോസ്ച്ചെടി എല്ലാവർക്കും ഉറപ്പു നൽകി. അവരെല്ലാവരും നല്ല സുഹൃത്തുക്കളായി പൂന്തോട്ടത്തിൽ വളർന്നു.

സന

10B

# 'ഡും ഡും' രാക്ഷസന്റെ കഥ

പണ്ട് പണ്ട് ചൈനയിൽ നടന്നൊരു കഥയാണിത്. ചൈനയിലെ രാജാവാണ് ഷിവാൻ ഷ്വവാൻ ചിങ്. അദ്ദേഹത്തിന്റെ ഒരേയൊരു ഓമനപ്പുത്രിയാണ് നിഷി. രാജ്യാതിർത്തിയിൽ ഉള്ള ഒരു കാട്ടിൽ ദുഷ്ടനായ ഒരു രാക്ഷസൻ താമസിക്കുന്നുണ്ട്. ഡും ഡും എന്നാണ് രാക്ഷസന്റെ പേര്. അയാളുടെ കൈയ്യിൽ വലിയൊരു ചെണ്ടയുണ്ട്. ഡും ഡും രാക്ഷസൻ ആരെയും കൊല്ലുകയില്ല. പകരം രാക്ഷസന്റെ കൈയ്യിലുള്ള ചെണ്ടയിൽ ഡും ഡും എന്ന് കൊട്ടും. അപ്പോൾ കുറേ കുട്ടി രാക്ഷസൻമാർ പ്രത്യക്ഷപ്പെടും. ഡും ഡും രാക്ഷസനെ പിടിക്കുവാൻ വരുന്നവരെ കുട്ടി രാക്ഷസൻമാർ പിടിച്ച് വിഴുങ്ങും.



ഡും ഡും രാക്ഷസൻ കാട്ടിൽ ഒരു കോട്ട നിർമിച്ചിട്ടുണ്ട്. അയാൾക്ക് എന്നും പാൽ കുടിക്കണം. അതിനു വേണ്ടി രാജ്യത്തുള്ള ജനങ്ങളുടെ പശുക്കളെയും ആടുകളെയും പിടിച്ച് കൊണ്ടു വന്ന് കോട്ടയിൽ വളർത്താൻ തുടങ്ങി. പശുക്കളെയും ആടുകളെയും രാക്ഷസൻ

പിടിച്ചുകൊണ്ടു പോവുന്ന വിവരം ജനങ്ങൾ ഷിവാൻ ഷുവാൻ ചിങ് രാജാവിനെ അറിയിച്ചു.

പശുക്കളെയും ആടുകളെയും നോക്കുവാനും പാലു കറന്ന് എടുക്കുവാനും ഒരു മനുഷ്യസ്ത്രീയെ പിടിച്ചു കൊണ്ടുവരണം. ഡും ഡും രാക്ഷസൻ തീരുമാനിച്ചു. ഷിവാൻ ഷുവാൻ ചിങ് രാജാവിന്റെ പുത്രി നിഷി രാജകുമാരിയും തോഴിയും രാജവീഥിയിലൂടെ നടന്നു പോവുമ്പോൾ ഡും ഡും രാക്ഷസൻ  പ്രത്യക്ഷപ്പെട്ടു.

അയ്യയ്യോ രാക്ഷസൻ! ഓടിക്കോ.... ആളുകൾ വിരണ്ടോടി. തോഴിയും ഭയന്നോടി. നിഷി രാജകുമാരി ഒറ്റക്കായി ഡും ഡും രാക്ഷസൻ നിഷി രാജകുമാരിയെ പിടിച്ചുകൊണ്ടുപോയി. ഷിവാൻ ഷുവാൻ ചിങ് രാജാവ് വിവരം അറിഞ്ഞു. അദ്ധേഹം അതീവ ദു;ഖിതനായി.

ഷാദിയ
10B

# വിഷം

സ്വന്തം മകനെ നോക്കാൻ വേണ്ടി കൂലിപ്പണിക്ക് പോവേണ്ടിവന്ന ഒരു അമ്മയാണ് സാവിത്രി. സാവിത്രിയുടെ ഭർത്താവ് ഒരു വർഷം മുമ്പ് മരണപ്പെട്ടു. അതിനാൽ തന്റെ മോൻ രാഹുലിനെ നോക്കാൻ സാവിത്രിക്ക് കൂലിപ്പണിക്ക് പോകേണ്ടിവന്നു. സാവത്രിക്ക് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ, തന്റെ മകനെ ആരുടെയും തണൽ ഇല്ലാതെ വളർത്തണം, നല്ല നിലയിൽ എത്തിക്കണം എന്ന് ആയിരുന്നു. അങ്ങനെ ഇപ്പോൾ രാഹുൽ കോളേജിൽ ആണ് പഠിക്കുന്നത്.

അങ്ങനെ ഒരു ദിവസം സാവിത്രി രാഹുലിനെ ശ്രദ്ധിക്കാൻ തുടങ്ങി. കോളേജിൽ പോകാതെ അവൻ വീട്ടിൽ തന്നെ ഇരിക്കുന്നു. അത് കണ്ട് സാവിത്രി രാഹുലിനോട് ചോദിച്ചു: "നീ എന്താ കോളേജിൽ പോകാത്തത് ?"അവൻ ഒന്നു പതറി. എന്താ മോനെ കാര്യം പറ. രാഹുൽ പതിയെ പറയാൻ തുടങ്ങി. അമ്മേ എന്റെ കൂട്ടുകാർ (അനന്തു, നന്ദൻ, ഋഷി) അവർ ലഹരി ഉപയോഗിക്കുന്നത് ഞാൻ കണ്ടു, അവർ എന്നെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു, സങ്കടം തോന്നിയ ഞാൻ ടീച്ചറോട് പോയി പറഞ്ഞു, അത് വലിയ പ്രശ്നം ആയിമാറി, അവർ എന്നെ കൊല്ലും എന്ന് ഭീക്ഷണിപ്പെടുത്തി, എനിക്ക് പേടിയാ, ഞാൻ വീടിന് പുറത്ത് ഇറങ്ങില്ല. അമ്മ അവനോട് പറഞ്ഞു ഇങ്ങനെ പേടിച്ചാൽ ജീവിക്കാൻ സാധിക്കുമോ രാഹുൽ ഭയത്തോടെ പറഞ്ഞു എനിക്ക് പേടിയാണ് അമ്മേ . അമ്മക്ക് അവന്റെ മാനസികാവസ്ഥ മനസിലായി എന്നോണം മോൻ ഇവിടെ തന്നെ ഇരുന്നോ, കുറച്ച ദിവസങ്ങൾ കൂടി കടന്ന് പോയി. ഒരു ദിവസം രാഹുലിന്റെ കൂട്ടുകാർ അവനെ കാണാൻ വന്നു. രാഹുൽ വല്ലാണ്ട് പേടിച്ചു. പക്ഷെ അവർ പറഞ്ഞു ഞങ്ങൾ നിന്നെ ഒന്നും ചെയ്യാൻ വന്നതല്ല. ഞങ്ങൾക്ക് ഒരു

തെറ്റ് പറ്റിയതാണ്. ഞങ്ങളോട് ക്ഷമിക്കണം.രാഹുലിന്റെ മനസ്സ് അലിഞ്ഞു. രാഹുല്യം കൂട്ടുകാരും കോളേജിൽ പോകാൻ തുടങ്ങി. പിന്നീട് അങ്ങോട്ട് നാളുകൾ ആയിരുന്നു. അങ്ങനെ ഒരു ദിവസം അനന്ദു ഒരു കാര്യം പറഞ്ഞു നമുക്ക ഒരു യാത്ര പോയാലോ. എല്ലാവരും യാത്ര പോകാൻ സമ്മതിച്ചു.യാത്ര പോകുന്നതിന് മുമ്പ് രാഹുൽ അമ്മയോട് പറഞ്ഞു രാത്രി ആവുന്നതിന്ന് മുമ്പ് ഞാൻ വന്നോളം അഥവാ ഞാൻ വൈകിയാൽ അമ്മ കിടന്നോ എന്ന്. എന്നാൽ സാവിത്രി മറുപടി നൽകി ഞാൻ നിനക്ക വേണ്ടി അത്താഴം ഉണ്ടാക്കി കാത്തിരിക്കും. എന്നാൽ ഞാൻ പോയി വരാം. അമ്മ . രാത്രി 12:00 മണി ആയിട്ടും രാഹുൽ വീട്ടിൽ എത്തിയില്ല. സാവിത്രി മൂവരെയും വിളിച്ചു . അവർ ഓരോ സ്വരത്തിൽ പറഞ്ഞു. അവൻ ആരെയോ കാണണം  എന്ന് പറഞ്ഞ് വേഗം ഞങ്ങളുടെ അടുത്ത് നിന്ന് പോയി . ഇത്  എല്ലാം കേട്ട് സാവിത്രിയുടെ കണ്ണ് നിറഞ്ഞുപോയി അവർക്ക് ഭയം ആയി. തനിക്ക് സ്വന്തം എന്ന് പറയാൻ

# കൂട്ടുകാർ

അമ്മുപ്പൂമ്പാറ്റയും കുഞ്ഞനണ്ണാനും കൂട്ടുകാരാണ്.
"എന്നും തേൻകുടിക്കാൻ ഒരു
പൂന്തോട്ടം ഉണ്ടാക്കണം"
അമ്മുപ്പൂമ്പാറ്റ പറഞ്ഞു.
"ശരി " കുഞ്ഞനണ്ണാൻ സമ്മതിച്ചു.
"എന്നും പഴങ്ങൾ തിന്നാൻ ഒരു





പഴത്തോട്ടം ഉണ്ടാക്കണം" കു
ഞ്ഞനണ്ണാൻ പറഞ്ഞു. "ശരി "
അമ്മുപൂമ്പാറ്റ സമ്മതിച്ചു.അവർ
ചെടികൾ നട്ടു.

അവർ വിത്തുകൾ
നട്ടു.വെള്ളമൊഴിച്ചു.വിത്തുകൾ മുളച്ചു.ചെടികൾ
വളർന്നു. പൂക്കളുണ്ടായി,
കായ്ക്കളുണ്ടായി,പഴങ്ങളുണ്ടായി. അമ്മുപൂമ്പാറ്റ

## ആവോളം തേൻകുടിച്ചു. കുഞ്ഞനണ്ണാൻ



ആവോളം പഴങ്ങൾ കഴിച്ചു. കൂട്ടുകാർ കളിച്ചു
രസിച്ചു.

യഹിയ യൂനസ്സ്
10A

# നന്ദി



ഈ മാഗസിൻ വിജയത്തിലേക്ക്
കുതിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു;
കുഞ്ഞുമനസ്സുകളിലെ ചെറുനാമ്പുകളുടെ
കലയുടെ സമാഹാരമാണിത്. ഈ
പ്രവർത്തനത്തിൽ മുഖ്യ പങ്കാളികളായ കൈറ്റ്
മിസ്സ്ട്രസ് നീതു ടീച്ചർക്കും കൈറ്റ് മാസ്റ്റർ
ഷഹീർ സാറിനും നന്ദി അറിയിക്കുന്നു .
കൂടാതെ, മറ്റു സഹായങ്ങൾ ചെയ്തു തന്ന
സ്കൂൾ പ്രധാന അദ്ധ്യാപകൻ സന്തോഷ്
സാറിനും,സീനിയർ അസിസ്റ്റന്റ് രജനി
ടീച്ചറിനും നന്ദി അറിയിക്കുന്നു. അതിലുപരി
എന്റെ പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്

സ്റ്റുഡന്റ് എഡിറ്റർ
മുഹമ്മദ് ആദിൽ
9-B